ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/07/2016

RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2014-16

**NECHIYIL**

**AYURVEDA VAIDYASALA & NURSING HOME**
Karalmanna - 679 506
Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)
www.nechiyilayurveda.com
email:snechiyil@gmail.com




- For scientific Ayurvedic treatments with a traditional touch
- SNEHA SWEDA KARMAS & PANCHAKARMA treatments are also done.
- Specialised in SIDHA medicine

**PHYSICIANS**

Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)
Dr. Krishna Sasi Kumar, B.A.M.S
(OP Timing: 8.30 am to 1 pm & 3 pm to 7 pm)

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*



||ओ३म्||

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 4 ലക്കം 01

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 ആഷാഢം – ശ്രാവണം
1191 മിഥുനം – കർക്കിടകം 2016 ജൂലൈ

വാർഷിക വരിസംഖ്യ: ₹60 /- ദീർഘകാലം: ₹1000/-



**ലോകമാന്യ ബാലഗംഗാധരതിലക് (1856 – 1920)**

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ജൂലൈ 06 | : | ശ്യാമപ്രസാദ് മുഖർജി ജന്മദിനം |
| ജൂലൈ 19 | : | മംഗൾപാണ്ഡെ ജന്മദിനം |
| ജൂലൈ 21 | : | ആചാര്യ ആര്യഭാസ്കർജി നിർവ്വാണ ദിനം |
| ജൂലൈ 23 | : | ബാലഗംഗാധരതിലക് ജന്മദിനം |
| | | ചന്ദ്രശേഖർ ആസാദ് ജന്മദിനം |
| ജൂലൈ 31 | : | ഷഹീദ് ഉദ്ധംസിങ്ങ് രക്തസാക്ഷിദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



### *മണ്ഡലം 1 സൂക്തം 5*

***മധുഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ നിച്യദ്ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ***

**മാ നോ മർത്താ അഭിദ്രുഹൻ തനൂനാമിന്ദ്ര ഗിർവണഃ|**

**ഈശാനോ യവയാ വധമ് ||**

*(ഋഗ്വേദം 1.5.10)*

**പദാർത്ഥം:** അല്ലയോ (ഗിർവണഃ) വേദങ്ങളിലൂടേയും ഉത്തമശിക്ഷണങ്ങളിലൂടേയും സിദ്ധിച്ച വാണിയാൽ സേവിയ്ക്കാൻ യോഗ്യനായ സർവ്വശക്തിമാൻ (ഇന്ദ്രഃ) എല്ലാവരുടേയും രക്ഷകനായ (ഈശാനഃ) പരമേശ്വര! അങ്ങ് (നഃ) ഞങ്ങളെ (തനൂനാമ്) ശരീരങ്ങളുടെ (വധമ്) നാശദോഷസഹിതം (മാ) ഒരിക്കലും (യവയ) ചെയ്യരുതെ. അതേപോലെ അങ്ങയുടെ ഉപദേശത്താൽ (ഭർത്താഃ) ഈ മനുഷ്യരെല്ലാം (നഃ) ഞങ്ങളിൽ (അഭിദ്രുഹൻ) ഒരിക്കലും വൈരം വെച്ചു പുലർത്തരുതെ.

**ഭാവാർത്ഥം:** ഒരു മനുഷ്യനും അന്യായമായി ഒരു പ്രാണിയേയും കൊല്ലുന്നതിന് താത്പര്യം കാണിക്കരുതെ. എല്ലാവരും മിത്രഭാവേന വർത്തിക്കട്ടെ. എന്തെന്നാൽ അപരാധം ചെയ്യാത്ത ഒരാളേയും പരമേശ്വരൻ തിരസ്കരിക്കുന്നില്ല. മനുഷ്യരും അങ്ങിനെ ചെയ്യണം.

മനുഷ്യർ വിദ്യകൊണ്ട് എങ്ങിനെ പുരുഷാർത്ഥവും സർവ്വർക്കും ഉപകാരവും ചെയ്യണമെന്ന് ഈ അഞ്ചാമത്തെ സൂക്തത്തിൽ വിവരിക്കുന്നു. നാലാമത്തെ സൂക്തത്തിന്റെ അർത്ഥവും ഇതിനോട് കൂട്ടിവായിക്കണം. ഈ സൂക്തത്തിന്റെ അർത്ഥവും സായണാചാര്യർ തുടങ്ങിയവരും ഡോക്ടർ വിൽസൺ മുതലായവരും തെറ്റായാണ് വർണ്ണിച്ചിരിക്കുന്നത്. അഞ്ചാമത്തെ സൂക്തം സമാപിച്ചു.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

# SUPPORT FOR VEDA GURUKULAM

We solicit your support for running our Veda Gurukulam by way of conducting special *'Yagya', 'Annadanam' etc..*, to meet the educational expenses of *'Brahmacharis' and* maintanance of *'Goshala'* during the occasion of Birthdays, Marriages, Marriage Anniversaries etc.. at your family. The donations may be made through Cheque / Draft or can be directly deposited at our Bank as per the details mentioned below

**PANDIT RISHIRAM ARYOPADESHAK MAHAVIDYALAY**
Pandit Guruduth Bhavan, Karalmanna (P.O), Palakkad Dist, Kerala - 679 506,
Email: aryopadeshakvidyalaykerala@gmail.com, Phone: 9562529095, 9446017440
A/c No: 4264000100079146, Punjab National Bank, Cherpulassery Branch, IFSC Code:PUNB0426400
(Registered Under Section 12AA of Income Tax Act 1961)

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# അന്നദാനം.....മഹാദാനം

**പ്രിയ വേദബന്ധു!**

ആര്യസമാജത്തിന്റെ നേതൃത്വത്തിൽ കാറൽമണ്ണയിൽ പ്രവർത്തിക്കുന്ന വേദഗുരുകുലമാണ് 'പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക് മഹാവിദ്യാലയം'. ഇവിടെ വർണ്ണ - വർഗ്ഗ വ്യത്യാസമില്ലാതെ ജിജ്ഞാസുക്കളും യോഗ്യരുമായ വിദ്യാർത്ഥികൾക്ക് വേദപഠനവും അതോടൊപ്പം ബിരുദ - ബിരുദാനന്തരതലം വരെയുള്ള ആധുനിക വിദ്യാഭ്യാസവും നൽകുന്നു. താമസവും ഭക്ഷണവും പഠനവുമെല്ലാം സൗജന്യമാണ്. വൈദികധർമ്മത്തെ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും കഴിവും ധർമ്മബോധവുമുള്ള പുതിയൊരു തലമുറയെ വാർത്തെടുക്കുകയാണ് ഈ സ്ഥാപനത്തിന്റെ മുഖ്യലക്ഷ്യം. ഒരു ഗോശാലയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ വീടുകളിൽ നടക്കുന്ന വിവാഹം, പിറന്നാൾ, ചോറൂണ്, ഗൃഹപ്രവേശം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയ വിശേഷാവസരങ്ങളിൽ ഗുരുകുലത്തിൽ അന്നദാനവും വിശേഷയജ്ഞവും നടത്താവുന്നതാണ്. ധർമ്മബോധമുള്ള സജ്ജനങ്ങളുടെ സഹായസഹകരണങ്ങളാലാണ് ഗുരുകുലത്തിലെ ദൈനംദിനചിലവുകൾ നടന്നുപോകുന്നത്. ശതഹസ്ത സമാഹാര സഹസ്രഹസ്ത സം കിര (അഥർവ്വ വേദം 3.24.5) എന്ന് വേദം പറയുന്നു. നൂറു കൈകളാൽ സമ്പാദിച്ച് ആയിരം കൈകളാൽ വിതരണം ചെയ്യൂ എന്നർത്ഥം.

## ഗുരുകുലത്തിലെ ചിലവുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| **ഒരു മാസത്തെ മൊത്തം ചിലവ്** | – | 50,000.00 |
| **ഒരു ബ്രഹ്മചാരിയുടെ ഒരു വർഷത്തേക്കുള്ള ചിലവ്** | – | 25,000.00 |
| **ഒരു മാസത്തിനാവശ്യമായ യജ്ഞസാമഗ്രികൾ, നെയ്യ് തുടങ്ങിയവ** | – | 5100.00 |
| **ഒരു ദിവസത്തെ ഭക്ഷണം, പഠനചിലവ്** | – | 2100.00 |
| **ഒരു മാസത്തെ ഗോശാല ചിലവ്** | – | 15,000.00 |

വേദഗുരുകുലത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് താങ്കളുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഗുരുകുല സംരക്ഷണ സമിതിയിലെ ഒരു സ്ഥിരാംഗമായി ചേർന്ന് ഒരു നിശ്ചിതസംഖ്യയോ, അരി, പച്ചക്കറി, യജ്ഞസാമഗ്രികൾ തുടങ്ങിയവയോ എല്ലാ മാസവും ഒരു നിശ്ചിത തീയ്യതിക്ക് ഗുരുകുലത്തിലേക്ക് ദാനം ചെയ്ത് ധർമ്മപ്രചാരണത്തിൽ പങ്കാളിയാവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

## സംഭാവനകൾ അയക്കേണ്ട വിലാസം

**PANDIT RISHIRAM ARYOPADESHAK MAHAVIDYALAY**
Pandit Guruduth Bhavan, Karalmanna (P.O), Palakkad Dist, Kerala - 679 506,
Email: aryopadeshakvidyalaykerala@gmail.com, Phone: 9562529095, 9446017440
A/c No: 4264000100079146, Punjab National Bank, Cherpulassery Branch, IFSC Code:PUNB0426400
(Registered Under Section 12AA of Income Tax Act 1961)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

## വേദപ്രകാശം പാഠാവലി

ജാതവേദൻ

**പാഠം 4 ഗൃഹസ്ഥാശ്രമം**

***ചോദ്യം 24: അതിഥിയജ്ഞമെന്നു പറയുന്നത് എന്താണ് ?***

**ഉത്തരം** : ധാർമ്മികനും, പണ്ഡിതനും, സത്യോപദേശം ചെയ്യുന്നവനുമായ വ്യക്തികളുടെ സേവനവും സത്കാരവും ചെയ്യുന്നതാണ് അതിഥി യജ്ഞം.

***ചോദ്യം 25: പാപം എന്താണ് ?***

**ഉത്തരം** : അധർമ്മാചരണത്തെ പാപമെന്നു പറയുന്നു

***ചോദ്യം 26 : അധർമ്മാചരണം കൊണ്ടുള്ള ഹാനി എന്താണ് ?***

**ഉത്തരം** : വേര് നഷ്ടപ്പെട്ട വൃക്ഷം എങ്ങിനേയാണോ നശിക്കുന്നത് അതു പോലെ അധാർമ്മികനായ വ്യക്തി പൂർണ്ണമായും നാശമടയുന്നു.

***ചോദ്യം 27: ദാനം നൽകാൻ പാടില്ലാത്തതാർക്കാണ് ?***

**ഉത്തരം** : തപസ്സില്ലാവനും അധാർമ്മികനും പാമരനുമായ വ്യക്തിക്ക് ദാനം നൽകരുത്.

***ചോദ്യം 28: അനാചാരിയുടെ ലക്ഷണമെന്താണ് ?***

**ഉത്തരം** : ധർമ്മത്തിന്റെ പേരിൽ മറ്റുള്ളവരെ വഞ്ചിക്കുന്നവരും ആത്മപ്രശംസ നടത്തുന്നവരും മോശം വ്യക്തികളുമായി സൗഹൃദം പുലർത്തുന്നവരും സ്വാർത്ഥത്തിനായി മറ്റുള്ളവരുടെ നാശം വരുത്തുന്നവരും അനാചാരികളാണ്.

***ചോദ്യം 29 : ബുദ്ധിമാൻ ആരാണ് ?***

**ഉത്തരം** : ഈശ്വരൻ, വേദം എന്നിവയിൽ ശ്രദ്ധ പുലർത്തുന്നവനാണ് ബുദ്ധിമാൻ.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 4 ലക്കം 01

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 ജ്യേഷ്ഠം – ആഷാഢം
1191 എടവം–മിഥുനം 2016 ജൂലൈ



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**
കെ.എം. രാജൻ

**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| വൈദിക ഈശ്വരൻ | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 8 |
| സത്യാർത്ഥപ്രകാശം എന്ത് ? | : | 9 |
| വേദാന്തി ധ്വാന്തി നിവാരണം | : | 11 |
| സംശയനിവാരിണി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 13 |
| വേദപ്രകാശം പാഠാവലി | : | 14 |


**വിലാസം**


ദയാനന്ദ സന്ദേശം, ആര്യസമാജം,
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,
വെള്ളിനേഴി തപാൽ, പാലക്കാട് – 679 504
Ph:9562529095, 9446017440
Email:dayanandasandesam@gmail. com
Visit us : www.thearyasmaj.org/kerala


## മുഖവാണി

## ഭാരതീയ ദർശനങ്ങൾ



മനുഷ്യന്റെ ഉൽപ്പത്തി മുതൽ അവൻ സ്വന്തം അസ്തിത്വത്തെ കുറിച്ചും പ്രപഞ്ചത്തെകുറിച്ചും അറിയാൻ വളരെ ഉത്സുകനായിരുന്നു. താൻ ആരാണ്? ഈ പ്രപഞ്ചം എന്തിനാണ്? എങ്ങിനെയുണ്ടായി? ഈ പ്രപഞ്ചജീവിതത്തിൽ നിന്ന് മനുഷ്യന് മുക്തി എന്ന് ലഭിക്കും ? ഈ സൃഷ്ടിയുടെ കർത്താവാരാണ്? സുഖപ്രാപ്തി എങ്ങിനയുണ്ടാകും? ഈശ്വരസാക്ഷാത്ക്കാരം എങ്ങിനെ നേടാം? ആത്മാവ്, പ്രകൃതി, ഈശ്വരൻ ഇവ തമ്മിലെ ബന്ധമെന്താണ്? ഇത്തരത്തിലുള്ള അനേകം ചിന്തകൾ അവന്റെ മനസ്സിൽ ഉയർന്നുവന്നിരുന്നു.

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ഇത്തരം ചിന്തകൾക്കും സമസ്യകൾക്കുമുള്ള സമാധാനം നമ്മുടെ ഷഡ്ദർശനങ്ങളിൽ നിന്നും ലഭിക്കും. 'ദൃശ്യതേ/നേന ഇതി ദർശനമ്' എന്ന വ്യുൽപത്തി ശാസ്ത്രമനുസരിച്ച് ദർശനത്തിന്റെ അർത്ഥം പറയുന്നു. എന്താണ് കാണാൻ കഴിയുന്നത്? ഈ ലോകത്തിൽ തന്റെ കർത്തവ്യം എന്താണ്? ജീവിതത്തെ ശ്രേഷ്ഠവും സുന്ദരവും സുഖകരവുമാക്കുന്നതിനുള്ള ഉപായങ്ങളെന്തെല്ലാമാണ് ? ഈ ചോദ്യങ്ങൾക്കെല്ലാമുള്ള ഉത്തരം ദർശനങ്ങൾ നൽകും.

പാശ്ചാത്യർ ദർശനമെന്നതിന് ഫിലോസഫി (Philosphy) എന്നു പറയുന്നു. ഫിലാസ്, സോഫിയ എന്നീ രണ്ടു ഗ്രീക്കുപദങ്ങൾ ചേർന്നതാണിത്. ഫിലാസ് എന്നാൽ പ്രേമം, അനുരാഗം എന്നും സോഫിയയുടെ അർത്ഥം വിദ്യ എന്നുമാണ്. വിദ്യയുടെ പ്രേമം = വിദ്യാനുരാഗം എന്നുപറയാം.

ഭാരതീയ ദർശനങ്ങളുടെ പ്രധാന സവിശേഷതകൾ അത് സമഗ്രവും സഗുണാത്മകവും നൈതികമൂല്യങ്ങൾക്ക് ഊന്നൽ നൽകുന്നതുമാണ് എന്നതാണ്. കർമ്മസിദ്ധാന്തത്തിന്റെ പ്രാധാന്യം, മുക്തിമാർഗ്ഗത്തിനുള്ള നിർദ്ദേശങ്ങൾ എന്നിവയും ഇവയിൽ വളരെ ചർച്ചചെയ്യപ്പെടുന്നു.

വൈചാരിക സംവാദത്തിന് ഏറ്റവും ഊന്നലും പ്രചാരവും നൽകിയത് ഭാരതീയ ദർശനങ്ങളാണ്. പാശ്ചാത്യദർശനങ്ങളും വിചാരധാരകളും കൈയ്യൂക്കിന്റേയും അസഹിഷ്ണുതയുടേയും പ്രചാരം നടത്തി ലോകത്തെ കീഴടക്കാൻ ശ്രമിച്ചപ്പോൾ സത്യാന്വേഷണത്തിന് പ്രാമുഖ്യം നൽകി ഭാരതീയ ദർശനങ്ങൾ. പാശ്ചാത്യഇസങ്ങളുടേയും തത്ത്വശാസ്ത്രങ്ങളുടേയും സ്വാധീനം ഭാരതത്തിൽ വർദ്ധിച്ചുവരുന്നതായി കാണുന്നത് ആശങ്കയുളവാക്കുന്നു. ലോകം മുഴുവൻ അംഗീകരിക്കുന്ന യോഗ, സംസ്കൃതം, സാത്വികഭക്ഷണം തുടങ്ങിയ ആസ്തികവിചാരങ്ങളെ ചോദ്യം ചെയ്യാനുള്ള പ്രവണത കേരളം പോലുള്ള സംസ്ഥാനങ്ങളിൽ വളർന്നുവരുന്നത് ശുഭകരമല്ല. മാധ്യമ-ചാനൽ ചർച്ചകൾ കാണുമ്പോൾ അങ്ങിനെ തോന്നിയാൽ അത്ഭുതപ്പെടാനില്ല. പുതിയ തലമുറയ്ക്ക് മാർഗ്ഗദർശനം നൽകാൻ ഭാരതീയ ദർശനങ്ങൾക്കേ കഴിയൂ.

**പത്രാധിപർ**

*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*






*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



**ചാ**ന്ദാപ്പൂരിൽ നിന്നും മടങ്ങിയ സ്വാമിജി പഞ്ചാബിലേക്ക് നീങ്ങി. ലുധിയാനയിലെത്തി. ലുധിയാനക്കാരനായ പഞ്ചാബിലെ പ്രസിദ്ധ സാമൂഹ്യപരിഷ്കർത്താവായ കന്നയ്യലാൽ അലഖ്ധാരി സ്വാമിജിക്ക് വലിയ സ്വാഗതമൊരുക്കി. സ്വാമിജിയുടെ വിശാലമായൊരു ധർമ്മപ്രഭാഷണത്തിന് വേദിയുമൊരുക്കി. ജനങ്ങളിൽ ഇത് വലിയ സ്വാധീനം ചെലുത്തി.

ലുധിയാനയിൽ നിന്നും സ്വാമിജി ലാഹോറിലെത്തി. ഡൽഹി ദർബാർ നടന്ന വേളയിൽ ലാഹോറിൽനിന്നും നിരവധി വിശിഷ്ടവ്യക്തികൾ പങ്കെടുത്തിരുന്നു. അവർ അദ്ദേഹത്തോട് ലാഹോറിലേക്ക് വരാനപേക്ഷിച്ചു. അങ്ങിനെ ലാഹോറിലെത്തിയപ്പോൾ റെയിൽവേസ്റ്റേഷനിൽ തന്നെ അദ്ദേഹത്തിന് വൻസ്വാഗതം ലഭിച്ചു. സ്വാമിജിക്കുവേണ്ടി നാലുവണ്ടികൾ കൊണ്ടുവന്നിരുന്നു. സ്വാമിജിയുടെ ഗ്രന്ഥങ്ങൾ കൊണ്ടുപോകാനായി തന്നെ ഒരു വണ്ടിയുണ്ടായിരുന്നു. ഇതിൽ നിന്നും സ്വാമിജിയുടെ അഗാധമായ സ്വാദ്ധ്യായത്തേകുറിച്ച് അനുമാനിക്കാം. ലാഹോറിലെ ദിവാൻ തത്തൻചന്ദിന്റെ ബംഗ്ലാവിലാണ് സ്വാമിജി ആദ്യം താമസിച്ചത്. വിഗ്രഹാരാധന ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളേക്കുറിച്ച് നിരവധി പ്രഭാഷണങ്ങൾ ഇവിടെ വെച്ചു നടത്തി. തൽഫലമായി പൗരാണികരുടെ ഇടയിൽ വൻകോലാഹലമുണ്ടായി. മഹർഷി മ്ലേച്ഛനാണ്, വിഗ്രഹാരാധനയെ എതിർക്കുന്നു, ഇംഗ്ലീഷ് സർക്കാരിന്റെ വേതനം പറ്റുന്നു, ഹിന്ദുധർമ്മത്തെ നശിപ്പിക്കുന്നു എന്നിങ്ങനെ വിവിധ കുറ്റങ്ങൾ അദ്ദേഹത്തിൽ ആരോപിക്കപ്പെട്ടു. വിഗ്രഹാരാധനയെ ഖണ്ഡിക്കുന്നതൊഴിവാക്കാൻ പലരും അദ്ദേഹത്തോടഭ്യർത്ഥിച്ചു. അങ്ങനെ ചെയ്താൽ ഒരുപാടുപേർ സ്വാമിജിയിൽ പ്രസന്നരാവുകയും ജമ്മുവിലെ മഹാരാജാവിന്റെ പോലും ആദരവിന് പാത്രമായി സഹായങ്ങൾ ലഭിയ്ക്കുമായിരുന്നു. എന്നാൽ നിശ്ചയധാർഢ്യത്തോടുകൂടിയ മഹർഷി ദയാനന്ദൻ ഈശ്വരനൊഴിച്ച് ആരേയും ഭയപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ ഈ നയം മൂലം ഈ ബംഗ്ലാവിലെ താമസം അവസാനിപ്പിച്ച് ഡോക്ടർ റഹീമിന്റെ കെട്ടിടത്തിലേക്ക് മാറേണ്ടിവന്നു.

ബ്രഹ്മസാമാജികരുടെ മുന്നിൽ വേദത്തിന്റെ മഹത്വം സ്വാമിജി അവിടെ അവതരിപ്പിച്ചു. വേദപ്രാമാണ്യത്തേ പൂർണ്ണമായി അംഗീകരിക്കുകയാണെങ്കിൽ ആര്യസമാജത്തിന്റെ സഭ അവിടെ ആവശ്യമായി വരില്ലെന്ന് സ്വാമിജി ആഗ്രഹിച്ചു. എന്നാൽ ബ്രാഹ്മണരെല്ലാം ഇതിനേ എതിർത്തു. അതിനാൽ അദ്ദേഹത്തിന് ആര്യസമാജം സ്ഥാപിക്കേണ്ടിവന്നു. 1877 ജൂൺ 24 ന് ലാഹോർ നഗരത്തിൽ ആര്യസമാജം സ്ഥാപിച്ചു.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**കാ**രണശരീരം എന്നത് സൂക്ഷ്മപ്രാണൻ, അഹങ്കാരം, മനസ്സ്, ജീവൻ, പ്രകൃതി, ബ്രഹ്മം എന്നിവയാണ്. സൂക്ഷ്മശരീരത്തിൽ ജീവാത്മാവിന്റെ സ്വാഭാവികഗുണങ്ങൾ മോക്ഷപ്രാപ്തിവരെ ഒന്നിച്ചുവസിക്കുന്നു.

തുരിയശരീരം സമാധി അവസ്ഥയിൽ ഈശ്വരാനന്ദത്തെ അനുഭവിയ്ക്കുന്നു. സൂക്ഷ്മശരീരത്തിലെ 17 തത്ത്വങ്ങളേയും കാരണശരീരത്തിലെ 6 തത്ത്വങ്ങളേയും ചേർത്ത് സൂക്ഷ്മശരീരം എന്നു പറഞ്ഞുവരുന്നു.

**ചോദ്യം 48:– ശരീരത്തിൽ എട്ടുചക്രങ്ങളും ഒമ്പത് ദ്വാരങ്ങളും ഉണ്ടെന്ന് പറയുന്നു. ഇവയെല്ലാം എന്താണ്?**

**ഉത്തരം** :– അഷ്ടചക്രങ്ങൾ എന്നത് കാൽപ്പനികമായ ഒന്നല്ല നവദ്വാരങ്ങൾ എന്നത് ഭൗതികശരീരം തന്നെയാണ്. വേദത്തിൽ ഇതിനേപറ്റി ഇപ്രകാരം വർണ്ണിച്ചിരിയ്ക്കുന്നു.

"**അഷ്ടാചക്രാ നവദ്വാരാ ദേവാനാം പുരയോധ്യാ |**

**തസ്യാം ഹിരണ്യയഃ കോശഃ സ്വർഗ്ഗോ ജ്യോതിഷാവൃതഃ || (അഥർവ്വം 10. 02. 31)**

**തസ്മിൻ ഹിരണ്യയഃ കോശേ ത്ര്യരേ ത്രി പ്രതിഷ്ഠിതേ |**

**തസ്മിന്ന്യ ദ്യക്ഷമാത്മന്വതദ്വൈ ബ്രഹ്മവിദോ വിദുഃ || (അഥർവ്വം 10. 2. 32)**"

**അഷ്ടചക്രങ്ങൾ** :– മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, സൂര്യ, അനാഹദ, വിശുദ്ധി, ആജ്ഞാ, സഹസ്രാരം

**നവദ്വാരങ്ങൾ**:– മുഖഭാഗത്തുള്ള ഏഴുദ്വാരങ്ങൾ (ചെവി, കണ്ണുകൾ, രണ്ടു നാസികകൾ, വായ്), മനസ്സ്, ബുദ്ധി

**ത്ര്യരേ**:– സ്ഥാനം, നാമം, ജന്മം

**വിപ്രതിഷ്ഠിതേ**:– കർമ്മം, ഉപാസന, ജ്ഞാനം

**ഭാവാർത്ഥം**:– ശരീരത്തെപ്പറ്റി അജ്ഞാനികൾക്കും ദുർബ്ബലപ്രിയന്മാർക്കും മനസ്സിലാക്കാൻ സാധിക്കുകയില്ല. ശരീരത്തിന്റെ ഉള്ളിൽ ചേതനമായ ജീവാത്മാവുണ്ട്. ജീവാത്മാവിന്റെ അകത്തും പുറത്തും ജ്യോതിസ്വരൂപമായ പരബ്രഹ്മമുണ്ട്. ആ പരബ്രഹ്മത്തെ വേദജ്ഞാനികളായ യോഗിവര്യന്മാർ സാക്ഷാത്കരിക്കുന്നു.

സാധാരണ ജനങ്ങൾ മൂലാധാരകേന്ദ്രത്തിലാണ് വസിയ്ക്കുന്നത്. ജ്ഞാനം, വൃദ്ധി, യോഗം എന്നിവയെകൊണ്ട് ഉന്നതി പ്രാപിച്ച് പ്രാപിച്ച് സഹസ്രാര കേന്ദ്രത്തിലെത്തി ആനന്ദത്തെ അനുഭവിയ്ക്കാൻ സാധിയ്ക്കുന്നു. നവദ്വാരങ്ങളാൽ വിഷയങ്ങളുടെ ഭോഗത്തെ അനുഭവിയ്ക്കുന്നു.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## അഥ വേദോൽപ്പത്തി വിഷയഃ

പരമകൃപാലുവായ ഈശ്വരൻ പ്രജകളുടെ സുഖത്തിനായി കായ്കനികളും കിഴങ്ങുകളും പുല്ലുവർഗ്ഗങ്ങളും മറ്റും നിർമ്മിച്ചതുപോലെ സർവ്വസുഖങ്ങളേയും പ്രകാശിപ്പിക്കുന്ന ഈശ്വരൻ സർവ്വവിദ്യാമയിയായ വേദവിദ്യയുടെ ഉപദേശം നടത്തില്ലെന്ന് കരുതാൻ എന്താണ് കാരണം ? മാത്രമല്ല. ഈ ബ്രഹ്മാണ്ഡത്തിലെ ഉത്തമപദാർത്ഥങ്ങൾ ലഭിച്ചാൽ കിട്ടുന്ന സുഖം വിദ്യാപ്രാപ്തിയിൽ നിന്നു ലഭിക്കുന്ന സുഖത്തിന്റെ ആയിരത്തിലൊരംശം പോലും വരില്ല. അത്തരം സർവ്വോത്തമ വിദ്യാപദാർത്ഥം വേദമായതിനാൽ അതിന്റെ ഉപദേശം പരമേശ്വരൻ എന്തുകൊണ്ട് ചെയ്യില്ല ? അതിനാൽ വേദങ്ങൾ ഈശ്വരനിർമ്മിതമാണെന്ന് നിശ്ചയിച്ചുറപ്പിക്കാം.

ഈശ്വരേണ ലേഖനീമസി പാത്രാദിസാധനാനി വേദപുസ്തകലേഖനായ കുതോലബ്ധാനി?

അത്രോച്യതേ- അഹ ഹ ഹ! മഹതീയം ശങ്കാഭവതാ കൃതാ, വിനാഹസ്തപാദാദ്യാവയവൈഃ കാഷ്ഠലോഷ്ഠാദി സാമഗ്രീ സാധനൈശ്ച യഥേശ്വരേണ ജഗദ്രചിതം തഥാ വേദാ അപി രചിതാഃ സർവ്വശക്തിമതീശ്വരേ വേദരചനം പ്രത്യേവം മാ ശങ്കി | കിന്തു പുസ്തകസ്ഥാവേദാ തേനാദൗ നോൽപാദിതാഃ കിം തർഹി? ജ്ഞാനമദ്ധ്യേ പ്രേരിതാഃ | കേഷാമ് ? അഗ്നിവായ്വാദിത്യാംഗിരസാമ് തേ തു ജ്ഞാനരഹിതാ ജഡാഃ സന്തി ? മൈവം വാച്യം, സൃഷ്ട്യാദൗ മനുഷ്യദേഹധാരിണസ്തെ ഹ്യസൻ | തദ്യഥാ കശ്ചിതാപ്തഃ കിംഞ്ചിത് പ്രതി വദതി മഞ്ചാഃ ക്രോശന്തീതി | അത്രമഞ്ചസ്ഥാ മനുഷ്യാഃ ക്രോശന്നീതി വിജ്ഞായതെ | തഥൈവാത്രാപി വിജ്ഞായതാമ് | വിദ്യാപ്രകാശസംഭവോ മനുഷ്യേ ഷ്വേവ ഭവിതുർമഹതീതി| അത്രപ്രമാണം.

തേഭ്യസ്തപ്തേഭ്യസ്ത്രയോ വേദാ അജായന്താഗ്നിർ ഋഗ്വേദോ വായോർ യജുർവ്വേദഃ സൂര്യാൽസാമവേദഃ || (ശതപഥം 11.5.2.3)

ഏഷാം ജ്ഞാനമദ്ധ്യേ പ്രേരയിത്വാ തദ്വാരാ വേദാഃ പ്രകാശിതാഃ | സത്യമേവമേതത് | പരമേശ്വരേണതേഭ്യോ ജ്ഞാനം ദത്തം, ജ്ഞാനേനേന തൈർവ്വേദാനാം രചനം കൃതമിതി വിജ്ഞായതെ ?

മൈവം വിജ്ഞായി | ജ്ഞാനം കിം പ്രകാരകം ദത്തമ് ? വേദപ്രകാരകമ് തദീശ്വരസ്യ വാതോഷാമ് | ഈശ്വരസ്യൈവ | പുനസ്തേനൈവ പ്രണീതാഃ | പുനഃ കിമർത്ഥം ശങ്കാകൃതാ തൈരേവ രചിതാ ഇതി ? നിശ്ചയകരണാർത്ഥം

**ഭാവാർത്ഥം**: പ്രശ്നം- വേദരചനയ്ക്കും വേദപുസ്തകം എഴുതാനും പേന, കടലാസ് തുടങ്ങിയ വസ്തുക്കൾ ഈശ്വരൻ എവിടെനിന്ന് സംഘടിപ്പിച്ചു. ആ കാലത്ത് കടലാസും മറ്റും ഉണ്ടായിരുന്നില്ലല്ലോ ?

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

# വൈദിക ഈശ്വരൻ

കെ.എം. രാജൻ

**ഈ**ശ്വരൻ, ദേവതകൾ, ദൈവം, കർത്താവ്, അള്ളാഹു തുടങ്ങിയ പദങ്ങൾ ഏറെ ചർച്ച ചെയ്യപ്പെടുന്നതാണ്. ഏകേശ്വരവാദത്തെ അടിസ്ഥാനമാക്കിയതാണ് തങ്ങളുടെ തത്ത്വശാസ്ത്രങ്ങളെന്ന് പലരും അവകാശപ്പെടുന്നു. അത് എത്രകണ്ട് ശരിയാണെന്ന് പരിശോധിക്കേണ്ടതുണ്ട്. വേദങ്ങളിൽ വർണ്ണിക്കുന്ന ഈശ്വരന്റെ സ്വരൂപത്തെകുറിച്ച് ഒരു അന്വേഷണം നടത്തുകയാണിവിടെ.

ഈശ്വരൻ (GOD), ദേവത എന്നിവ വ്യത്യസ്തങ്ങളാണ്. പക്ഷെ പലപ്പോഴും 'ദേവത' എന്ന പദം ഈശ്വരൻ എന്ന തരത്തിൽ തെറ്റിദ്ധരിക്കപ്പെടാറുണ്ട്. നമുക്ക് ഉപയോഗപ്രദവും സഹായകരവുമായ ചരാചരങ്ങളെ 'ദേവത' എന്നു വിശേഷിപ്പിക്കാം. ഈ അർത്ഥത്തിൽ ഈശ്വരനും ദേവതയാണ്. എല്ലാ ദേവതകളും ഈശ്വരൻ ആണെന്നും അവയൊക്കെ ആരാധിക്കപ്പെടേണ്ടവരാണ് എന്നും ഇതുകൊണ്ടർത്ഥമാക്കരുത്. ഈ തെറ്റിദ്ധാരണകൾ ഒഴിവാക്കാനായി ഈശ്വരൻ എന്ന പദമാണ് ഈ ലേഖനത്തിൽ ഉപയോഗിക്കുന്നത്.

പരമേശ്വരനും ജഗന്നിയന്താവും സർവ്വവ്യാപകനും നിസ്വാർത്ഥനും ദേവതകളുടെകൂടി ദേവതയുമായ ആ ഈശ്വരൻ മാത്രമാണ് എല്ലാ അനുഗ്രഹങ്ങളുടേയും ഉറവിടം. അദ്ദേഹത്തേ അറിയാനാവാത്തവർ ദുഃഖപാശങ്ങളിൽപെട്ടുഴലുകയും അദ്ദേഹത്തേ മനസ്സിലാക്കുന്നവർ അനന്തമായ ആനന്ദം അനുഭവിയ്ക്കുകയും ചെയ്യുന്നു. (ഋഗ്വേദം 1.164.39)

**ചോദ്യം: വേദങ്ങളിൽ എത്ര ഈശ്വരൻമാരുണ്ട് ? നിരവധി ഈശ്വരന്മാർ വേദങ്ങളിലുണ്ടെന്ന് ഞങ്ങൾ കേട്ടിട്ടുണ്ട്?**

**ഉത്തരം**: നിങ്ങൾ കേട്ടത് തെറ്റായ വിവരങ്ങളാണ്. ഈശ്വരൻ ഒന്നേയുള്ളൂവെന്ന് വേദങ്ങൾ വളരെ വ്യക്തമായി തന്നെ പറയുന്നുണ്ട്. ഒന്നിലധികം ഈശ്വരന്മാരുണ്ടെന്ന് വ്യാഖ്യാനിക്കാവുന്ന ഒരു മന്ത്രവും വേദങ്ങളിലില്ല.

മാത്രമല്ല, നിങ്ങൾക്കും ഈശ്വരനുമിടയിൽ മധ്യവർത്തിയായി ഒരു മാലാഖയോ പ്രവാചകനോ അവതാരമോ ഇല്ലാ എന്നും അവയുടെ ആവശ്യമില്ലാ എന്നും വേദങ്ങൾ വ്യക്തമാക്കുന്നുണ്ട്.

**ഒരു താരതമ്യം താഴേകൊടുക്കുന്നു**

**വൈദിക ഈശ്വരൻ** = ത്രിമൂർത്തി സങ്കൽപവും യോശുവിൽ അഭയം പ്രാപിക്കേണ്ട ആവശ്യകതയും മാറ്റിനിർത്തിയ ക്രിസ്തീയ ദൈവം

**വൈദികഈശ്വരൻ=** മുഹമ്മദ് അവസാനത്തെ പ്രവാചകൻ എന്ന ആശയം മാറ്റിനിർത്തിയുള്ള ഇസ്ലാമിലെ ദൈവം

(തുടരും)

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*





*(മുൻ ലക്കത്തിന്റെ തുടർച്ച)*



# വേദാന്തി ധ്വാന്തി നിവാരണം

**മഹർഷി ദയാനന്ദസരസ്വതി**

*തർജ്ജമ: കെ. എം. രാജൻ*

**മ**റ്റു ദേവന്മാരെ - അതായത് - ഈശ്വരനിൽ നിന്നും വ്യത്യസ്ഥനായി ചെവി തുടങ്ങിയ ഇന്ദ്രിയങ്ങൾ ഉള്ള ദേഹധാരികളായ പണ്ഡിതന്മാരെ ബ്രഹ്മമായി കരുതി അവരെ ഉപാസിയ്ക്കുകയും അതിൽ അഭിമാനം കൊള്ളുകയും താൻ ഈശ്വരന്റെ ഉപാസകനല്ലെന്നും താൻ അദ്ദേഹത്തിൽ നിന്നും വ്യത്യസ്ഥനാണെന്നും അദ്ദേഹത്തിൽ നിന്ന് തനിക്കൊരു പ്രയോജനവുമില്ലെന്നും ഈശ്വരൻ ഇല്ലേ എന്നു സംശയിക്കുകയും അല്ലെങ്കിൽ താൻ ബ്രഹ്മമാണെന്നു പറയുകയും ചെയ്യുന്നു. ഇന്ദ്രിയങ്ങളോടുകൂടിയ ദേഹധാരികളായവർ പശുസമാനരാണ്. കാള, കഴുത തുടങ്ങിയവയെപ്പോലെയുള്ള മനുഷ്യർ ആണ് പരമേശ്വരന്റെ ഉപാസന ചെയ്യാത്തവർ | 22 ||

ഇത്തരം പ്രകരണങ്ങൾ പഠനം നടത്താതെ നാലക്ഷരം മാത്രം പിടിച്ചെടുത്ത് കപോലകൽപിതമായ അർത്ഥങ്ങൾക്ക് പ്രമാണം ഒരിക്കലുമുണ്ടാവില്ല. വിസ്താരഭയത്താൽ കൂടുതൽ എഴുതുന്നില്ല. ഇതും യജുർവ്വേദവാക്യമല്ല. എന്നാൽ ശതപഥ ബ്രാഹ്മണത്തിലെ മുമ്പുദ്ധരിച്ച വാക്യമാണ്.

അതേപോലെ 'തത്ത്വമസി' എന്നതും സാമവേദവാക്യമല്ല. ഇത് സാമബ്രാഹ്മണാന്തർഗ്ഗതമായ ഛാന്ദോഗ്യ ഉപനിഷത്തിലേതാണ്. ഇവിടേയും മുമ്പുള്ള പ്രകരണങ്ങളെ ഒഴിവാക്കി നവീനവേദാന്തികൾ അനർത്ഥമുണ്ടാക്കി. അവയിൽ ഇങ്ങിനയാണ് പ്രകരണം.

**സ യ ഏഷാƒണി മൈത ദാത്മ്യമിദമ് സർവ്വംതത് സത്യമ് സ ആത്മാ തത്വമസി ശ്വേതകേതോ ഇതി ||**

ഉദ്ദാലകൻ ശ്വേതകേതുവെന്ന പുത്രന് ഉപദേശം നൽകുന്നു. "നേരത്തെ പറഞ്ഞപരമാത്മാവ് സർവ്വജഗത്തിന്റേയും ആത്മാവാണ്. എങ്ങിനെ എന്നാൽ അദ്ദേഹം (അണിമാ) അത്യന്ത സൂക്ഷ്മവും പ്രകൃതി, ആകാശം, ജീവാത്മ എന്നിവയേക്കാൾ" സൂക്ഷ്മമാണ്. അതു സത്യമാണ്. അല്ലയോ ശ്വേതകേതോ ! അദ്ദേഹമാണ് ഈ സമ്പൂർണ്ണ ജഗത്തിന്റേയും അന്തര്യമിയായ ആധാരഭൂതനായ സർവ്വാതിഷ്ഠാതാവ്. അതിനാൽ ബ്രഹ്മം സനാതനവും നിർവ്വികാരവും സത്യസ്വരൂപവും അവിനാശിയുമാണ്. (പ്രശ്നം) എങ്ങിനേയാണോ ഈശ്വരൻ സർവ്വജീവാത്മാക്കളുടേയും ആത്മാവായിരിയ്ക്കുന്നത്. അതേപോലെ ഈശ്വരനും മറ്റൊരു ആത്മാവുണ്ടോ ഇല്ലയോ ? (ഉത്തരം) (സ ആത്മ) പരമേശ്വരന് ആത്മന്തരം ഒന്നുമില്ല. എന്നാൽ അദ്ദേഹത്തിന്റെ ആത്മാവ് ഇതുതന്നെയാണ്. അല്ലയോ ശ്വേതകേതോ! ഏതൊന്നാണോ സർവ്വാത്മാവായിരിയ്ക്കുന്നത് അത് നിന്റെയും അന്തര്യാമിയായ അധിഷ്ഠാനമായ ആത്മാവാണ്. അതായത് "തദന്തര്യാമി തദധിഷ്ഠാനസ്തദാത്മകസ്ത്വ മസീതി ഫലിതോƒർത്ഥഃ" തത്സഹചരണവാ തത് സഹചാര ഉപാധി എന്ന വാക്യത്തേ അറിഞ്ഞാലും.

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

ത്മാവും പ്രകൃതിയും അനാദിയാണെന്ന് തുറന്നംഗീകരിക്കുന്നു. ആചാര്യശങ്കരന്റെ സിദ്ധാന്ത ങ്ങളെ അംഗീകരിക്കുന്നവരും ക്രൈസ്തവരും ഇക്കാര്യം സർവ്വത്ര അംഗീകരിക്കുന്നു. Matter can neither be created nor it can be destroyed. കാഞ്ചി ശങ്കരാചര്യരെ ജയിലിലടച്ചപ്പോൾ അദ്ദേഹം സ്വന്തം കേസ് വാദിക്കുകയാണല്ലോ ചെയ്തത്. ജഗത് മിഥ്യയാണെന്ന് കരുതുന്ന അദ്ദേഹം കേസുവാദിക്കാൻ വക്കീലിനെ വച്ചതെന്തിനാണ് ?

ദേശമെങ്ങും ഗായത്രീമന്ത്രത്തിന്റെ കാസറ്റുകൾ വിൽക്കപ്പെടുന്നു. സ്ത്രീ- ശൂദ്രഭേദമില്ലാതെ. എല്ലാവരുമത് ശ്രവിക്കുന്നു. ഇതിനേ എതിർത്തിരുന്നവരെവിടെപ്പോയി? ഉജ്ജൈനിയിൽ വെച്ചു നടന്ന യഞ്ജത്തിൽ ആചാര്യ സൂര്യദേവിയേ ലക്ഷക്കണക്കിനുജനങ്ങും ധർമ്മാചാര്യന്മാരും യജ്ഞത്തിന്റെ 'ബ്രഹ്മ'യായി വാഴിച്ചപ്പോൾ ആർക്കും അതിനെ എതിർക്കാനുള്ള ധൈര്യമുണ്ടായി ല്ലല്ലോ. ഇതിനെ വിമർശിച്ചുകൊണ്ട് ഒരു വാക്കുപോലും ആരും പറഞ്ഞില്ല. സത്യാർത്ഥപ്രകാശ ത്തിന്റെ പുണ്യപ്രതാപമല്ലാതെന്താണിത്? അള്ളാഹ് കി ആദത്ത് എന്ന ഗ്രന്ഥമെഴുതിയ സുയോഗ്യ നായ ലേഖകൻ Day of Judgement പ്രളയത്തിനു ശേഷം ന്യായഫലം ലഭിക്കുമെന്ന വാദത്തേ തള്ളിക്കളയുന്നു. മാലഖമാരെ ദേവതകളായി പറയാൻ തുടങ്ങുന്നു. ജിന്ന്, ഭൂതം എന്നിവയേ യൊക്കെ ഈ ഗ്രന്ഥം ഓടിച്ചുകളയുന്നു. ഈശ്വരന്റെ ദയയും ന്യായവും പര്യായമായി അംഗീക രിച്ചു തടങ്ങി. സാഗരം പാപനാശകമല്ലാതായി. അവതാരവാദത്തിൽ നിന്ന് പിന്മാറ്റം ആരംഭിച്ചുകഴി ഞ്ഞു. ബലാൽക്കാരം പോലുള്ള ഭീഷണസമയങ്ങളിൽ അവതാരങ്ങൾ വരാത്തതെന്താണ്? സ്തുതി പ്രാർത്ഥനാ- ഉപാസനാദികളാൽ പാപങ്ങൾക്ക് മാപ്പ് ലഭിക്കാറില്ലെന്ന് സത്യാർത്ഥപ്രകാശം പഠിപ്പിച്ചു. കർമ്മണ്യതയേയും പുരുഷാർത്ഥദർശനത്തേയും പാനം ചെയ്തുകൊണ്ട് ഈ ഗ്രന്ഥം മാനവരെ ജീവിപ്പിച്ചു.

*(അവസാനിച്ചു)*


**ദയാനന്ദ സന്ദേശം വൈദിക മാസിക**



*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
*ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.*

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch


*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം


***മഹർഷി ദയാനന്ദ സരസ്വതി***
*തർജ്ജമ: കെ.എം. രാജൻ*





**വിദ്വാംസോ ഹി ദേവാഃ | (ശതപഥം 3.7.3.10) ശതം യേ മനുഷ്യാണാമാനന്ദാഃ സ ഏകോ മനുഷ്യഗന്ധർവാണാമാനന്ദഃ ശ്രോത്രിയസ്യ ചാകാമഹതസ്യേത്യാദി ||**

(തൈത്തിരീയ ഉപനിഷത് ബ്രഹ്മ: 8)

ആരുടേയാണോ പാപ- പുണ്യങ്ങൾ സമമായിട്ടുള്ളത് അയാൾക്ക് മനുഷ്യ ജന്മം ലഭിയ്ക്കുന്നു. മാനസിക സ്ഥിതി സാത്വികമായവർക്ക് ദേവജന്മവും പാപ ങ്ങൾ കൂടിയവർക്ക് താഴ്ന്നജീവികളുടെ ജന്മവും ലഭിയ്ക്കുന്നു. പാപത്തേക്കാള ധികം പുണ്യവും പുണ്യത്തേക്കാളധികം പാപവും ആണെങ്കിൽ അവ അനുഭവിച്ച് തീർത്ത് പാപ- പുണ്യങ്ങൾ തുല്യമായിതീരുന്ന സമയത്ത് മനുഷ്യജന്മം ലഭിയ്ക്കു ന്നു. ഇത്തരത്തിൽ പാപ- പുണ്യങ്ങളുടെ വ്യവസ്ഥ ഈശ്വരൻ നിലനിർത്തുന്നു. ഇത് യഥാർത്ഥമാണ്. ഇത്തരത്തിൽ ആദിസൃഷ്ടിയുടെ വർണ്ണന നടന്നു.

മുമ്പ് ചെയ്ത പാപങ്ങളുടെ ശിക്ഷ അനുഭവിക്കുന്നതിൽ ജീവാത്മാവിന് ഇളവ് ലഭിയ്ക്കു ന്നില്ലാ എന്ന എന്റെ അഭിപ്രായത്തേകുറിച്ച് ചിലർ സംശയമുന്നയിക്കാം. എങ്കിൽ പശ്ചാത്താപത്തിന്റെ ഒരു പ്രയോജനമില്ലേ? അതിനുള്ള ഉത്തരമിങ്ങനെയാണ്. പശ്ചാത്താപത്താൽ പാപം ക്ഷയിക്കുന്നില്ല. എന്നാൽ ഭാവിയിൽ പാപങ്ങൾ ചെയ്യുന്നതിൽ നിന്ന് വിലക്കുന്നു.

**കൃത്വാ പാപം ഹി സംതപ്യ തസ്മാത് പാപാത് പ്രമുച്യതെ |**

**നൈവം കുര്യാം പുനരിതി നിവൃത്യാ പൂയതേ തു സഃ (മനുസ്മൃതി 11.23)**

എത്ര തവണ പശ്ചാത്തപിച്ചാലും ചെയ്തുപോയ പാപങ്ങൾ അനുഭവിച്ചുതീർക്കുകതന്നെ വേണം. ഉദാഹരണത്തിന് ഒരാൾ കിണറ്റിൽ വീണ് കാലും കയ്യും പൊട്ടി. അയാൾ എത്രതന്നെ പശ്ചാ ത്തപിച്ചാലും മുറിഞ്ഞ കൈകാലുകൾ അങ്ങിനെതന്നെയിരിക്കും. ഭാവിയിൽ അത്തരത്തിൽ വീഴ്ച വരാതിരിക്കാൻ ഇതയാളെ ശ്രദ്ധാലുവാക്കും എന്നുമാത്രം.

പാപത്തിന്റെ ഫലം ശോകവും പുണ്യത്തിന്റെ ഫലം സന്തോഷവുമാണ്. പാപ- പുണ്യങ്ങൾ അനുഭവിക്കുന്നതിന് ദേശം, കാലം, വസ്തു എന്നിവ ആവശ്യമാണ്. ഈ നിമിത്തങ്ങളില്ലാതെ ഭോഗം എങ്ങിനെ സാധിക്കും? ഭോഗത്തെ ഭോഗിക്കാനാവുന്നില്ലെങ്കിൽ ആനന്ദത്തെ എങ്ങിനെ പ്രാപിക്കാനാവും? മുക്താവസ്ഥയിൽ ശരീരമില്ലാതെ ജീവൻ സർവ്വജ്ഞനായ ഈശ്വരനിൽ സായൂജ്യമടയുന്നു. പിന്നീട് പരമേശ്വരൻ മാത്രമാണതിന്റെ ആധാരം. അങ്ങിനെ ആ പരമാനന്ദ സമയത്ത് ശരീരത്തിന്റെ ആവശ്യം വരുന്നില്ല. ശരീരം അതായത് ഭോഗത്തിനുള്ള വസ്തു- പാപ- പുണ്യങ്ങൾ അനുഭവിക്കുന്നതിനുള്ള സാധനമാണ്. ഇതിന്റെ ആവശ്യം മുക്താവസ്ഥ യിൽ വരുന്നില്ല.

*(തുടരും)*

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലൃയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം 3



**പാ**ച്ചൻ സുബ്ബരാമയ്യരുടെ ഹോട്ടൽ ലക്ഷ്യമാക്കി നടന്നു. ഭാരതപ്പുഴയുടെ തീരത്തുള്ള റെയിൽവേ സ്റ്റേഷൻ റോഡിന്റെ വലത്ത് അതായത് പടിഞ്ഞാറുഭാഗത്ത് ആണ് ഹോട്ടൽ. ഹോട്ടലിന്റെ എതിർവശത്ത് (ഇടത്ത്) വിശാലമായ മതിൽകെട്ടിനുള്ളിൽ രണ്ടും മൂന്നും നിലകളാർന്ന ഗംഭീരൻ സിവിൽ-ക്രിമിനൽ കോടതി കെട്ടിടങ്ങൾ, അന്യായികൾക്ക് പത്തിവിടർത്തി ചീറ്റിയാടുന്ന രാജാവെമ്പാലയേപ്പോലെയും ന്യായികൾക്ക് കുളിർമപകരുന്ന ഗംഗാതടകേദാരം പോലെയും നന്മതിന്മകളെ വേർപെടുത്തി നന്മമാത്രം സ്വീകരിക്കാൻ മാനവരാശിയോട് നിർദ്ദേശിച്ചുകൊണ്ട് ഉന്നത ശിരസ്കരായി നിലകൊള്ളുന്നു. സൂര്യന്റെ തിളക്കമാർന്ന മുഖത്തെ കാർമേഘാവലി മറയ്ക്കുന്നതുപോലെ സത്യത്തിന്റെ ന്യായവാദമുഖം മൂടികൊണ്ട് മറയ്ക്കാനുദ്യമിക്കുന്ന വാചാലരായ അഡ്വക്കേറ്റ് എന്ന വാലുവെച്ചുതുന്നിപിടിപ്പിച്ച മാന്യദേഹങ്ങൾ വരാന്തയിൽ ചുറ്റി നടക്കുന്നു. അങ്ങിങ്ങ് സ്വന്തം കക്ഷികളുമായി അവർ കുശുകുശുക്കുന്നതും കാണാം. സ്വാർത്ഥം നിറഞ്ഞ പാശ്ചാത്യഭൗതികോപഭോഗമാത്ര സംസ്കാരത്തിന്റെ പ്രതിഛായകളായി ഞെളിഞ്ഞൂറ്റം കൊള്ളുന്നു. കണ്ടാൽ മൂക്കത്ത് വിരൽ വെച്ചുപോകും. കുറച്ചു നിമിഷം പാച്ചനതിന്റെ കഠോര നിർഭയതയും ആർത്തത്രാണപരായണതേയും പറ്റി ചിന്തിച്ചു നിന്നുപോയി.

നെറ്റിമേൽ തൊട്ട തിലകസമാനവും മഹാദേവന്റെ മൂന്നാം തൃക്കണ്ണുസമാനവുമായി കാലമാനദണ്ഡപ്രതീകവുമായി കോടതിമുകളിൽ വിളങ്ങുന്ന ക്ലോക്കിൽ മണി നാലര കഴിഞ്ഞിരിയ്ക്കുന്നു. പാച്ചൻ നേരെ ഹോട്ടലിലേക്ക് ചെന്ന് പെട്ടിയും മറ്റുമെടുത്ത് ഹോട്ടൽ മാനേജരോട് യാത്രയും ചൊല്ലി പുറത്തിറങ്ങി. റെയിൽവേസ്റ്റേഷൻ ലക്ഷ്യമാക്കി നടന്നു. സ്റ്റേഷനിൽ ചെന്ന് ബോംബെയ്ക്കുള്ള മൂന്നാം ക്ലാസ് ടിക്കറ്റ് 19 രൂപ കൊടുത്തുവാങ്ങി നേരെ പ്ളാറ്റ്ഫോമിലേക്ക് തിരിച്ചു. രണ്ടാം നമ്പർ പ്ളാറ്റ്ഫോമിലാണ് വണ്ടി വരിക. പാച്ചൻ അവിടെ ചെന്നു കാത്തുനിൽപ്പായി.

**(തുടരും)**

*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*





(മുൻലക്കത്തിന്റെ തുടർച്ച)

# സത്യാർത്ഥപ്രകാശം എന്ത്? എന്തിന്

പ്രൊ. രാജേന്ദ്ര ജിജ്ഞാസു

**അ**ഷ്ടാധ്യായിയിലെ സ്വതന്ത്ര കർത്താ എന്ന സൂത്രം സത്യാർത്ഥപ്രകാശം മുന്നോട്ടുവെക്കുന്നു. സ്വതന്ത്രതാപൂർവ്വമായി കർമ്മം ചെയ്യുന്നതേ ഫലത്തേ നൽകൂ എന്നാണിതിനർത്ഥം. മനുഷ്യർ കർമ്മം ചെയ്യുന്നതിൻ സ്വതന്ത്രരാണ്. ദുഷ്കർമ്മങ്ങളുടെ ദോഷങ്ങളെല്ലാം ചെകുത്താനിൽ കെട്ടി വെക്കുന്നത് തെറ്റായ കാഴ്ചപ്പാടാണ്. എല്ലാ രാജ്യങ്ങളിലുമുള്ള കോടതികൾ സ്വതന്ത്ര കർത്താ എന്ന ഈ ആർഷ ഘോഷണത്തേ അനുസരിച്ച് വിധി പ്രഖ്യാപിക്കുകയാണെങ്കിൽ ഇറാഖ്, ഇറാൻ, അമേരിക്ക, ഫ്രാൻസ്, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ കുറ്റാരോപിതരായ വ്യക്തികളാരും ചെകുത്താനാണ് തന്നേകൊണ്ടീപാപ കർമ്മങ്ങൾ ചെയ്യിച്ചതെന്നുപറയില്ല. വെടിവെക്കുന്ന പോലീസുകാരൻ കുറ്റക്കാരനാവുന്നില്ല. അതിനുത്തരവിടുന്ന അധികാരിയാണ് ഇതിനുത്തരവാദി. ഇത് സത്യാർത്ഥപ്രകാശത്തിന്റെ ദിഗ്വിജയമാണ്.

ഗുണ-കർമ്മ സ്വഭാവത്താൽ ഈശ്വരൻ അനാദിയാണെന്ന് ഋഷിദയാനന്ദൻ കാഹളം മുഴക്കി. സൃഷ്ടി നിയമങ്ങളേയും അദ്ദേഹം അനാദിയും നിത്യവും ഉറച്ചതുമാണെന്ന് ഘോഷിച്ചു. ഇന്ന് ശാസ്ത്ര സമൂഹവും ഇതംഗീകരിക്കുന്നു. സൃഷ്ടിനിയമം Universal ഉം Eternal ലുമാണെന്ന് പ്രഖ്യാപിക്കുന്നു. ഇവ വിഛേദിക്കുന്ന പ്രശ്നമേയില്ല. ദിവ്യാത്ഭുതങ്ങൾ (miracle) കാണിക്കുന്നതും വിശ്വസിക്കുന്നതും അന്ധവിശ്വാസമാണ്. 'ആധുനിക അമേരിക്കയിൽ ധർമ്മത്തിന്റെ സ്വരൂപം' (ദ്രഷ്ടവ്യ ഹക് പ്രകാശ് പേജ്- 37) എന്ന് ഗ്രന്ഥമെഴുതിയ ലേഖകൻ, സർ സയ്യദ് അഹമ്മദ്ഖാൻ ഡോ. ഗുലാം ജൈലാനി, ഷവാലി ഉള്ളാ തുടങ്ങിയ ക്രൈസ്തവ-മുസ്ലീം ചിന്തകന്മാരും ബർട്രാന്റ് റസ്സൽ പോലുള്ള ദാർശനികരും ദിവ്യാത്ഭുതങ്ങൾ ഉണ്ടാകുന്നില്ലാ എന്ന് അംഗീകരിക്കുന്നു. സത്യാർത്ഥപ്രകാശത്തേ നിരൂപണം ചെയ്തുകൊണ്ട് ഖുറാൻ ഭാഷ്യകാരനായ മൗലാനാ സനാഉള്ളാജി സ്പഷ്ടമായി പറയുന്നു. ആരുടേയും ശുപാർശകൾ അംഗീകരിക്കപ്പെടുകയില്ല. തങ്ങൾക്ക് വല്ല ദുരിതങ്ങളും വരികയാണെങ്കിൽ അതവരുടെ കർമ്മഫലമായാണ് സംഭവിക്കുന്നത്. (ദ്രഷ്ടവ്യ ഹക് പ്രകാശ് പേജ്- 21)

കർമ്മഫല സിദ്ധാന്തത്തേ എതിർത്തിരുന്നവരെല്ലാം ഓരോരുത്തരായി പ്രഖ്യാപിക്കുന്നു. ഒരു പാപത്തിനും ക്ഷമ ലഭിക്കില്ല. (ദോ ഇസ്ലാം എന്ന ഗ്രന്ഥം പേജ് - 283) ലോകത്തിലെ എല്ലാ കർമ്മങ്ങൾക്കും ഫലമുണ്ട്. അതിൽ നിന്നാർക്കും ഒഴിഞ്ഞമാറാനാവില്ല (ദോ ഇസ്ലാം എന്ന ഗ്രന്ഥം പേജ് - 274). മനുഷ്യർ കർമ്മം ചെയ്യുന്നതിൻ സ്വതന്ത്രരും ഫലമനുഭവിക്കുന്നതിൻ പരതന്ത്രരുമാണ്. (ദോ ഇസ്ലാം എന്ന ഗ്രന്ഥം പേജ് - 268) മുസൽമാൻമാരുടെ മുന്നിൽ ദിവ്യാത്ഭുതങ്ങൾ കാണിക്കേണ്ട ആവശ്യമെന്തായിരുന്നു. അവർ നേരത്തെ തന്നെ വിശ്വസിക്കപ്പെട്ടിരുന്നു. (ദോ ഇസ്ലാം എന്ന ഗ്രന്ഥം പേജ് - 336)

സത്യാർത്ഥപ്രകാശത്തിന്റെ പ്രഭാവത്താലല്ലേ ഈ വിപ്ലവകരമായ മാറ്റമുണ്ടായതെന്ന് വായനക്കാർ സ്വയം ചിന്തിക്കുക. മൗലാനാ മഹ്ബൂബ് അലിയും ഡോ.ഗുലാം ജെലാനിയും ജീവാ

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*